(സി&ഡി) പാർപ്പിട വികസനത്തിന് സഹായകരമാകുംവിധം കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഷെൽട്ടർ ഫണ്ട് (അഭയനിധി), സാങ്കേതിക വികസന നിധി (ടെക്നോളജി ഇന്നൊവേഷൻ ഫണ്ട്) എന്നിവയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കോർപ്പറേഷൻ പൂർണ്ണരൂപത്തിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വെസ്റ്റ് ഹിൽ ശാന്തി നഗർ രണ്ടാംഘട്ട ഭവന നിർമ്മാണം

208 (553) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് വെസ്റ്റ് ഹിൽ ശാന്തി നഗർ കോളനിയിലെ രണ്ടാംഘട്ട ഭവന നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതിക്കായി സർക്കാർ എത്ര രൂപയാണ് വകയിരുത്തിയത് ; വകയിരുത്തിയ തുക ബഡ്ജറ്റിലെ ഏതു ശീർഷകത്തിൽ നിന്നാണ് നൽകുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് വെസ്റ്റ് ഹിൽ ശാന്തി നഗർ കോളനിയിലെ രണ്ടാംഘട്ട പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല.

(ബി) കോഴിക്കോട് വെസ്റ്റ് ഹിൽ ശാന്തി നഗർ കോളനിയിലെ രണ്ടാംഘട്ട ഭവന നിർമ്മാണ പദ്ധതിക്കായി സർക്കാർ തുകയൊന്നും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

ഭവനനിർമ്മാണ പദ്ധതി

209 (554) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനനിർമ്മാണ വകുപ്പുമുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുന്നതെന്നും പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly